# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2304 — 10/10/2011-ൽ മറുപടിക്ക്

### പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ആനുകൂല്യം ലഭ്യമാക്കാൻ നടപടി

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. കെ.വി. വിജയദാസ് | | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | മലമ്പുഴ, ശിരുവാണി, കാഞ്ഞിരപ്പുഴ തുടങ്ങിയ ഡാമുകളിൽ നിന്നും മത്സ്യം പിടിച്ച് ഉപജീവനം നടത്തിവരുന്ന പട്ടിക വർഗ്ഗക്കാർക്ക്, ഫിഷറീസ് വകുപ്പ് മുഖേന രൂപീകരിച്ചിട്ടുള്ള സൊസൈറ്റികളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ അപര്യാപ്ത മാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | സൊസൈറ്റികൾ പ്രവർത്തിക്കുന്നത് ഫിഷറീസ് വകുപ്പിന്റെ കീഴിലാണ്. ഇതിന്റെ ഗുണഭോക്താക്കളായ പട്ടികവർഗ്ഗക്കാർ ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള പരാതകളോ, ആക്ഷേപങ്ങളോ ഉന്നയിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി | എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിൽ നൽകിവരുന്നത്; | ബി | വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്. |
| സി | ഇവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ പട്ടികവർഗ്ഗവികസന വകുപ്പ് മുഖേന നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | സി യും ഡി യും | ഈ വിഷയം സംബന്ധിച്ച് യാതൊരുവിധ പദ്ധതികളും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| ഡി | എങ്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ